LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മാണം

149 [1382] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മിക്കുന്നതിന് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ നിർമ്മാണത്തിന് കൺക്ട്രക്ഷൻ കോർപ്പറേഷന് എത്ര തുക കൈമാറിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ പാലത്തിന്റെ നിർമ്മാണച്ചെലവ് എത്രയാണ് എന്നറിയിക്കുമോ;

(ഡി) ഈ പാലത്തിനോടനുബന്ധിച്ച് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് കെട്ടിവച്ച തുക എത്രയെന്ന് പറയാമോ;

(ഇ) ഈ പാലത്തിന്റെ പണി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 499 ലക്ഷം രൂപ.

(സി) 2188 ലക്ഷം രൂപ.

(ഡി) 7.80 ലക്ഷം രൂപ.

(ഇ) 31-12-2004-ൽ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

താനൂർ-തിരൂർ പി. ഡബ്ല്യു. ഡി. റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച നടപടികൾ

150 [1383] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ-തിരൂർ പി. ഡബ്ല്യു. ഡി. റോഡിലെ ദേവധ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലാന്റ് അക്വിസിഷൻ നടപടികൾ നടന്നുവരുന്നു.

(ബി) നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം

151 [1384] ശ്രീ. ടി. കെ. ബാലൻ:
,, ടി. കെ. ദേവകുമാർ:
,, ടി. പി. രാമകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പുനർവിന്യാസത്തിന് ഈ മാനദണ്ഡം കൃത്യമായും പാലിച്ചിട്ടുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പിൽ നിന്ന് എത്ര എഞ്ചിനീയർമാരെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റി നിയമിച്ചത്;

(ഡി) ഇവരെ വകുപ്പിലേക്ക് തിരികെ കൊണ്ടുവരുന്നതിനും പുതിയ ആളുകളെ നിയമിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തദ്ദേശ ഭരണ വകുപ്പിനു കീഴിൽ പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം രൂപം കൊള്ളുമ്പോൾ അവിടെ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന പൊതുമരാമത്ത് വകുപ്പ് ജീവനക്കാരുടെ ഓപ്ഷൻ വാങ്ങിയിരുന്നോ; ഇല്ലെങ്കിൽ ഇപ്രകാരം ഓപ്ഷൻ വാങ്ങുന്നതിന് ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) തദ്ദേശ ഭരണ വകുപ്പിലേക്ക് പോകുന്നതിന് ജീവനക്കാരിൽ നിന്നും ലഭിച്ച ഓപ്ഷൻ പ്രകാരവും ലഭിച്ച ഓപ്ഷൻ മതിയാകാത്ത സാഹചര്യത്തിൽ ജൂനിയർ ആയിട്ടുള്ള ജീവനക്കാരെയുമാണ് പുനർവിന്യസിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly